ശ്രീ. എ. കെ. ശശീന്ദ്രൻ: ഡിക്റ്റേറ്റഫോൺ എന്നു പറയുന്നത് സെക്രട്ടറിമാർ ഡിക്റ്റേഷൻ കൊടുക്കുമ്പോൾ അത് പകർത്തിയെടുക്കാനുള്ളതാണ്. മൂന്നെണ്ണം ഇപ്പോൾ ഉപയോഗിക്കുന്നില്ലായെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇതിന്റെ ഉപയോഗം കൊണ്ട് സെക്രട്ടറിയേറ്റിലെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനും ഡിക്റ്റേഷനു വേണ്ടി പ്രത്യേകം നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ ജോലിഭാരം ലഘൂകരിക്കാനും സാധിക്കും. അങ്ങനെയാണെങ്കിൽ എത്രമാത്രം ജോലിഭാരം ലഘൂകരിച്ചിട്ടുണ്ട്, എത്രമാത്രം പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും.

ശ്രീ. കെ. കരുണാകരൻ: ഇത് പ്രത്യേകമായിട്ട് വിലയിരുത്തിയിട്ടില്ല.

കെ. എസ്. ആർ. ടി. സി.ക്ക് പുതിയ ബസ്സുകൾ വാങ്ങാൻ നടപടി

*[4] ശ്രീ. ടി. എസ്. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷനു പുതിയതായി ബസ്സുകൾ വാങ്ങി പഴയ വണ്ടികൾ റീപ്ലേയ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പരിപാടിയുണ്ടോ;

(ബി) എങ്കിൽ എത്ര ബസ്സുകളാണ് വാങ്ങിക്കാൻ ഉദ്ദേശിക്കുന്നത് എന്നും അവ എന്നേയ്ക്ക് റോഡിൽ ഇറക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി.ക്ക് ബസ്സുകൾ വാങ്ങുന്നതിന് പണം സ്വരൂപിക്കുന്നതിന് തമിഴ്നാട് മാതൃകയിൽ ഒരു പ്രത്യേക റോഡ് ട്രാൻസ്പോർട്ട് ധനകാര്യകോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ, ബി) ഉണ്ട്: ഏഴു വർഷത്തിലേറെ പഴക്കം ചെന്ന 1300 ബസ്സുകൾ ഇപ്പോൾ കെ. എസ്. ആർ. ടി. സി. യിലുണ്ട്. അവ ഘട്ടം ഘട്ടമായി മാസംതോറും 50 എണ്ണം വീതം മാറി 2 വർഷം കൊണ്ട് ഈ ബസ്സുകളെല്ലാം റീപ്ലേയ്സ് ചെയ്യാൻ ഉദ്ദേശിക്കുന്നു.

(സി) കെ. എസ്. ആർ. ടി. സി. യ്ക്ക് ബസ്സുകൾ വാങ്ങുന്നതിന് മാത്രമായി ഒരു ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

ശ്രീ. ടി. എസ്. ജോൺ: കെ. എസ്. ആർ. ടി. സി. യിൽ ഇപ്പോൾ പുതിയ ചെയർമാൻ ചാർജ് എടുത്തിട്ടുണ്ട്. ആ ചെയർമാൻ ചാർജ് എടുത്തപ്പോൾ ഈ സ്ഥാപനത്തിന് എത്ര ഷെഡ്യൂൾ ഉണ്ടായിരുന്നു; എത്ര ബസ്സുകൾ ഓടുന്നുണ്ടായിരുന്നു; ഇപ്പോൾ എത്ര ബസ്സുകൾ ഓടുന്നുണ്ട്?

ശ്രീ. പി. കെ. വേലായുധൻ: നമ്മുടെ സ്ഥാപനത്തിന് 3170 ഷെഡ്യൂൾ ആണ് ഉള്ളത്. ഓഗസ്റ്റ് മാസത്തിൽ 1800 ബസ്സുകളാണ് നമുക്ക് അതിൽ ഓടിപ്പിക്കാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: കഴിഞ്ഞ അഞ്ചാറു മാസത്തിനുള്ളിൽ അതിൽ വ്യത്യാസം ഉണ്ടായിട്ടുണ്ടോ; കെ. എസ്. ആർ. ടി. സി. ധനകാര്യകോർപ്പറേഷൻ ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട് എന്നു പറഞ്ഞു. എങ്ങനെ ഇതുമൂലം ധനം സമാഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. കെ. വേലായുധൻ: ഓഗസ്റ്റ് മാസത്തിൽ ഏതാണ്ട് 1100 ബസ്സുകൾ ഓടാതെ വിവിധ വർക്ക്ഷോപ്പുകളിൽ കിടപ്പുണ്ടായിരുന്നു. അതിൽ 700–ഓളം ബസ്സുകൾ റോഡിൽ ഇറക്കി ഓടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ റീജിയണൽ വർക്ക്ഷോപ്പിൽ 202 ബസ്സുകളും മറ്റ് വർക്ക്ഷോപ്പുകളിൽ മന്നൂറോളം ബസ്സുകളും മാത്രമാണ് കിടക്കുന്നത്. അതും മേജർ റിപ്പെയറിനുവേണ്ടിയാണ് കയറ്റിയിട്ടുള്ളത്. അത് വേഗം ഇറക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ. എസ്. ആർ. ടി. സി. ക്ക് വേണ്ട ധനസഹായം ലഭ്യമാക്കുന്നതാണ്. തമിഴ്നാട് ഗവൺമെന്റ് രൂപീകരിച്ചതുപോലെയുള്ള ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം അലക്സാണ്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശചെയ്തിട്ടുണ്ട്. വിവിധ ധനകാര്യസ്ഥാപനങ്ങൾ, ദേശവൽകൃത ബാങ്കുകൾ, എൽ. ഐ. സി., ഐ. ഡി. ബി. ഐ. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ധനം സമാഹരിക്കുകയും അതോടൊപ്പം പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പണം സമാഹരിച്ച് കെ. എസ്. ആർ. ടി. സി. ക്ക് റീപ്ലെയ്സ്മെന്റിന് ആവശ്യമുള്ള വാഹനങ്ങൾ വാങ്ങിക്കാനുള്ള പണം കണ്ടെത്താനും വേണ്ടിയുള്ള നിർദ്ദേശമാണ് ആ ശുപാർശകളിൽ ഉൾക്കൊള്ളുന്നത്.

ശ്രീ. സി. ടി. കൃഷ്ണൻ: പുതുതായി ആരംഭിച്ച സബ് ഡിപ്പോകളിലും ഓപ്പറേഷൻ സെന്ററുകളിലുമുള്ള ഷെഡ്യൂളുകൾ ഇപ്പോൾ ക്യാൻസൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് വടക്കാഞ്ചേരിയിൽ 13 ഷെഡ്യൂളുകളുമായി ആരംഭിച്ചത് ഇപ്പോൾ 6 എണ്ണമേ ഓടുന്നുള്ളു. പുതിയ ബസ്സുകൾ വാങ്ങിക്കുമ്പോൾ പുതിയ ഓപ്പറേഷൻ സെന്ററുകളിലും സബ് ഡിപ്പോകളിലും ബസ്സുകൾ കൊടുക്കാൻ മന്ത്രി ശ്രദ്ധിക്കണം. അതുപോലെതന്നെ പാലക്കാട് ഉള്ള ബസ്സുകൾ ഗുരുവായൂരിലേക്കും, മാളയിലക്കും മാറ്റിക്കൊണ്ടിരിക്കുകയാണ്. അവിടെ പ്രത്യേകമായി സബ്ഡിപ്പോ ആരംഭിച്ചതുകൊണ്ട് എല്ലാ ബസ്സുകളും അങ്ങോട്ട് മാറ്റുകയാണ്. അങ്ങനെ മാറ്റാതെ പുതിയ ബസ്സുകൾ കൊടുത്ത് ഷെഡ്യൂൾ നിലനിറുത്തുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: എല്ലാ ഷെഡ്യൂളുകളും ഓടിപ്പിക്കാൻ കഴിയുകയില്ല. ചില ആവശ്യങ്ങളുടെ മുകളിൽ എം. എൽ. എ. മാരുടെയും പൊതുജനങ്ങളുടെയും ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി ചില സന്ദർഭങ്ങളിൽ പുതിയ സർവ്വീസ് ആരംഭിക്കും. ഒരു കിലോ മീറ്റർ ദൂരം ബസ് നഷ്ടം കൂടാതെ ഓടിക്കണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് 6.20 രൂപ കിട്ടേണ്ടിയിരിക്കുന്നു. 3.10 രൂപ എങ്കിലും കിട്ടാതെയുള്ള ഷെഡ്യൂൾ മനഃപൂർവ്വമായി കെ. എസ്. ആർ. ടി. സി. ക്യാൻസൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ക്യാൻസലേഷൻ ഒരുപക്ഷേ അതായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: ഇവിടെ കട്ടപ്പുറത്തിരിക്കുന്ന ധാരാളം ബസ്സുകൾ റിപ്പെയർ ചെയ്തു റോഡിലിറക്കിയെന്നാണ് പറഞ്ഞത്. അതിന്റെ ഫലമായി കഴിഞ്ഞ മൂന്നു നാലു മാസങ്ങളായി ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ തോതു വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: ഓഗസ്റ്റ് മാസം മുതലാണ് കൂടുതലായി വണ്ടികൾ റിപ്പെയർ ചെയ്തു റോഡിലിറക്കുവാനുള്ള സംരംഭം തുടങ്ങിയത്. 1985 ഓഗസ്റ്റിൽ ഏഴു കോടി എൺപത്തി രണ്ട് ലക്ഷം ഉറുപ്പിക കിട്ടിയ സ്ഥാനത്ത് 1986-ൽ 8 കോടി 6 ലക്ഷം ഉറുപ്പികയാണ് വരുമാനമുണ്ടായത്. സെപ്റ്റംബറിൽ 7 കോടി 83 ലക്ഷം ഉറുപ്പിക കിട്ടിയ സ്ഥാനത്ത് 1986-ൽ 8 കോടി 83 ലക്ഷം ഉറുപ്പികയുടെ വരുമാന വർദ്ധനവുണ്ടായി. 1985 ഒക്ടോബറിൽ 5 കോടി 75 ലക്ഷം കിട്ടിയ സ്ഥാനത്ത് 1986 ഒക്ടോബറിൽ 8 കോടി 83 ലക്ഷം ഉറുപ്പികയുടെ വരുമാനമുണ്ടായി. 1985 നവംബറിൽ 7 കോടി 99 ലക്ഷം ഉറുപ്പിക വരുമാനമുണ്ടായ സ്ഥാനത്ത് 1986 നവംബറിൽ 9 കോടി ഉറുപ്പികയുടെ വരുമാനമുണ്ടായി. 1985 ഡിസംബറിൽ 9 കോടി 12 ലക്ഷം ഉറുപ്പികയുടെ വരുമാനമുണ്ടായി. എന്നാൽ ഡിസംബർ 28-ാം തീയതി വരെയുള്ള കളക്ഷൻ ഏതാണ്ട് 10 കോടി ഉറുപ്പികയുടെ അടുത്ത് എത്തുന്നതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: അങ്ങ് ഈ കണക്കെല്ലാം പറഞ്ഞല്ലോ. കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവുമായിട്ട് ഇപ്പോൾ വർദ്ധനവായിട്ടാണ് കാണിച്ചത്. അതിൽ ട്രാൻസ്പോർട്ട് ചാർജ് വർദ്ധിപ്പിച്ചതിന്റെ ഫലമായിട്ട് എത്ര കോടിയുണ്ട്? യാത്രക്കാരുടെ വർദ്ധനവിന്റെ ഫലമായിട്ട് എത്ര കോടിയുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: 1985 ജൂൺ മാസത്തിലാണ് സംസ്ഥാനത്ത് ബസ്ചാർജ് വർദ്ധനയുണ്ടായത്. കഴിഞ്ഞ കൊല്ലത്തെ ബസ്ചാർജ് തന്നെയാണ് ഈ കൊല്ലത്തേയും ചാർജ്. നവംബർ, ഡിസംബർ മാസത്തെ അഭൂതപൂർവ്വമായ വർദ്ധനയിൽ ഒരു പ്രത്യേകതയുള്ളത് കഴിഞ്ഞ കൊല്ലം ശബരിമല സീസണിൽ സ്പെഷ്യൽ ഫെയറൊന്നു പാടെ വാങ്ങിച്ചു 25 ശതമാനം, ഇത്തവണ 15 ശതമാനം കുറവുചെയ്തു 10 ശതമാനം മാത്രമാണ് വാങ്ങിയത്. ആ പ്രത്യേകത കൂടിയുണ്ട്. 10 ശതമാനം വാങ്ങിച്ചിട്ടുപോലും വളരെ അഭൂതപൂർവ്വമായ വർദ്ധന സ്റ്റേറ്റുമെന്റിൽ കാണാനുണ്ട്.

ശ്രീ. ഇ. ജെ. ലൂക്കോസ്: മാസംതോറും 50 ബസ് വീതം വാങ്ങി പഴയ വണ്ടികൾ റീപ്ലെയിസ് ചെയ്യുമെന്നു ബഹുമാനപ്പെട്ട മന്ത്രി അറിയിക്കുകയുണ്ടായി. ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ജോലിക്കാർക്ക് റസ്റ്റുണ്ട്. ബസ്സുകൾക്ക് റസ്റ്റില്ല. വണ്ടികൾ സംരക്ഷിക്കാത്തതിന്റെയും സ്റ്റേറ്റുകൾ പരിസരം സംരക്ഷിക്കാത്തതിന്റെയും ഫലമായി വണ്ടികൾ കയറിയിറങ്ങുമ്പോൾ കേടു വരുന്നു. സെന്റിന് 50,000 രൂപ വിലയുള്ള സ്ഥലം നൽകിയിട്ടുള്ള ഏറ്റുമാനൂർ പോലുള്ള സ്ഥലങ്ങളിലെങ്കിലും സ്റ്റേറ്റുകൾ പരിസരം ടാർ ചെയ്തു സംരക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. വേലായുധൻ: ഏറുമാനൂരിൽ ഞാൻ പോയിരുന്നു. അവിടെ വേ ഇൻ-ഉം വേ ഔട്ടും, യാർഡും, ഓവറൽ ചെയ്തത് ഇളകിക്കിടക്കുകയാണ്. അത് മെച്ചപ്പെടുത്തിയെടുക്കുന്നതിന് ഏതാണ്ട് ഒന്നര ലക്ഷത്തോളം ഉറുപ്പികയുടെ എസ്റ്റിമേറ് കണക്കാക്കിയിട്ടുണ്ട്. അതു ശരിയാക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഒ. ഭരതൻ: നമ്മുടെ സംസ്ഥാനത്തുള്ള യാത്രക്കാരുടെ യാത്രാ സംബന്ധമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് കെ. എസ്. ആർ. ടി. സി. യെക്കാളും പ്രധാനപ്പെട്ട പങ്ക് സ്വകാര്യ ബസ് ട്രാൻസ്പോർട്ട് മേഖല നിർവ്വഹിക്കുന്നു എന്നുള്ളതുകൊണ്ട് സ്വകാര്യ ബസ് ട്രാൻസ്പോർട്ട് മേഖലയെ ഒരളവോളം സഹായിക്കുന്നതിനുവേണ്ടി റോഡ് ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവമായിട്ട് ആലോചിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: അങ്ങനെയൊരു നിർദ്ദേശം ബസ് ഉടമകളുടെ ഭാഗത്തുനിന്നും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് അത് പരിശോധിച്ചതിനു ശേഷം എന്തെങ്കിലും തീരുമാനം പറയാൻ കഴിയുകയുള്ളൂ.

ശ്രീ. സി. ടി. അഹമ്മദ് അലി: അടുത്തകാലത്തായി നിലവിൽവന്ന സബ് ഡിപ്പോയാണ് കാസർകോഡ് സബ് ഡിപ്പോ. വളരെയേറെ വരുമാനമുണ്ടാക്കാൻ സാധിക്കുന്നതും കേരളത്തിലെ ഏറ്റവും നല്ല സെൻറുമായ ഇവിടെനിന്നും ഇൻറർ സ്റേറ്റ് സർവ്വീസിനും വളരെയധികം സാദ്ധ്യതയുണ്ട്. ഇവിടെനിന്നും മഞ്ചേശ്വരം, മംഗലാപുരം, മണിപ്പാൽ എയർപോർട്ട് തുടങ്ങിയുള്ള സ്ഥലങ്ങളിലേക്ക് അടിയന്തിരമായും കൂടുതൽ ബസ്സുകൾ റോഡിലിറക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: അന്തർസംസ്ഥാന അതിർത്തിയിൽ കിടക്കുന്ന ഒരു സബ് ഡിപ്പോയെന്ന നിലയ്ക്ക് കാസർകോട് സബ് ഡിപ്പോയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടത് ആവശ്യമാണെന്നു ഗവൺമെൻറിനും കെ. എസ്. ആർ. ടി. സി. ക്കും ബോദ്ധ്യമായിട്ടുണ്ട്. ഈ ജനുവരി മാസത്തിൽ തലശ്ശേരിനാടും, കർണ്ണാടകയും, പോണ്ടിച്ചേരിയുമായി അന്തർസംസ്ഥാന എഗ്രിമെൻറ് വയ്ക്കാനുള്ള ഡ്രാഫ്റ്റുകളും തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. അതിൻപ്രകാരം ഉടനെ നടപടി ഉണ്ടാകുകയും ചെയ്യും.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് 2 വർഷം കൊണ്ട് ഉപയോഗശൂന്യമായ ബസ്സുകൾ റീപ്ലെയ്സ് ചെയ്യാൻ പ്രതിമാസം 50 ബസ്സുകൾ വീതം ബോഡി ചെയ്തു റോഡിലിറക്കുമെന്നാണ്. അങ്ങനെ അധികാരമേറ്റെടുത്തതിനു ശേഷം എത്ര പുതിയ ബസ്സുകൾക്ക് ഓർഡർ ചെയ്തു; എത്ര ബസ്സുകൾക്ക് ബോഡി ചെയ്തുകൊണ്ടിരിക്കുന്നുണ്ട്; അതിൽ എത്രയെണ്ണം റോഡിലിറക്കുമെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: റോഡ് ഓഫ് ആയിക്കിടക്കുന്ന വണ്ടികളിറക്കുന്നതിൻെറ കണക്കുകൾ ഞാൻ നേരത്തെ വ്യക്തമായി പറയുകയുണ്ടായി. പുതുതായി ഏതാണ്ട് നൂറ്റിനാൽപതോളം വണ്ടികൾ റോഡിലിറക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ വണ്ടികൾ മിക്കപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

എല്ലാം തന്നെയും 5 ലക്ഷം കിലോമീറ്റർ ഓടി പഴകിയ വണ്ടികൾ റീപ്ലെയിസ് ചെയ്യുന്നതിനുവേണ്ടിയാണ്. അടുത്തകാലത്തു വന്ന വണ്ടികൾ മിക്കവാറും എല്ലാംതന്നെയും പമ്പയിലേക്ക് സ്പെഷ്യൽ സർവ്വീസ് നടത്തുന്നതിനുവേണ്ടിയാണ് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ വർക്കിംഗ് ഷോപ്പുകളിലുള്ളതുൾപ്പെടെ നമ്മുടെ സ്ഥാനത്താകെ മൂവ്വായിരത്തിയറുപത് ബസ്സുകളാണുള്ളത്; രണ്ടായിരത്തി എഴുനൂറോളം ബസ്സുകൾ ഓടുന്നുണ്ട്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: കന്യാകുമാരിയിൽ നിന്നു തിരുവനന്തപുരത്തേയ്ക്ക് വന്നുപോകുന്ന ട്രിപ്പ് ഒരു ബസ് കൊണ്ടു മാത്രം സർവ്വീസ് നടത്തുന്നതിനാൽ രാത്രിയിൽ അവിടെനിന്നു പുറപ്പെടുകയും രാത്രിയിൽ മടങ്ങിയെത്തുകയും ചെയ്യുന്നതുകൊണ്ട് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ട്. ഇത്രയും വലിയ ദൂരം വരുന്ന ഈ റൂട്ടിൽ രണ്ടു ബസ്സിട്ട് ആവശ്യത്തിന് സർവ്വീസ് നടത്തുന്നതിന് തയ്യാറാകാതെ കന്യാകുമാരി—തിരുവനന്തപുരം സർവ്വീസ് ഒരു ബസ്സുകൊണ്ട് സർവ്വീസ് നടത്തുന്നതിനാൽ വലിയ അസൗകര്യം ഉണ്ട്. ജനങ്ങൾക്ക് സൗകര്യപ്രദമായി സ്റ്റാർട്ട് ചെയ്യാൻ തക്കവിധം രണ്ടു ബസ്സുകളാക്കി ആ സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ബഹുമാനപ്പെട്ട മെമ്പറുടെ അഭ്യർത്ഥന പ്രകാരമാണ് അന്ന് അങ്ങനെയൊരു സർവ്വീസ് തുടങ്ങിയത്. വളരെ നാളുകൾ തുടർച്ചയായി ഓടിയതിന്റെ ഫലമായി വണ്ടികൾ ഡാമേജായിട്ടുണ്ട്; അതു മാറുന്ന കാര്യം പുതിയ വെഹിക്കിൾസിന്റെ ലഭ്യതയനുസരിച്ചു മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളു.

ശ്രീ. എം. കെ. കേശവൻ: കെ. എസ്. ആർ. ടി. സി. വൈക്കം-മദ്രാസ് സർവ്വീസ് നടത്തുന്നുണ്ട്. അത് 18 മണിക്കൂർ ജേർണിയാണ്. 18 മണിക്കൂർ ജേർണിക്കുവേണ്ടി ഉപയോഗിക്കുന്ന ബസ് യാത്രക്കാർക്ക് കൂടുതൽ സമയം ഇരിക്കുവാൻ കഴിയാത്ത ചക്കടാ വണ്ടി മോഡൽ ബസ്സാണ്. അതുകൊണ്ട് വൈക്കം—മദ്രാസ് സർവ്വീസിന് പുതിയ വണ്ടി കൊടുക്കുവാനും, കൂടുതൽ ദീർഘദൂര സർവ്വീസുകൾ വൈക്കവും പഴനിയുമായി ബന്ധപ്പെടുത്തി തുടങ്ങുവാനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: കോട്ടയം—മദ്രാസ് വണ്ടി വൈക്കം വഴിയാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ആ വണ്ടി പഴയ വണ്ടിയാണെന്നുള്ള ഗവൺമെന്റിന് ബോദ്ധ്യമായിട്ടുണ്ട്. ഇപ്പോൾ എക്സ്പ്രസ് ബസ്സിന്റെ ബോഡിയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ആ ബോഡി ബിൽഡ് ചെയ്തു തുകിട്ടിക്കഴിഞ്ഞാൽ ആദ്യം റീപ്ലെയ്സ് ചെയ്യുന്നത് കോട്ടയം—മദ്രാസ് വണ്ടിയായിരിക്കും.

ശ്രീ. സി. മൂസ്സക്കുട്ടി: ഇവിടെ മന്ത്രി നേരത്തേ പറഞ്ഞു കിലോമീറ്ററിന് 3 രൂപ 50 പൈസയിൽ കുറഞ്ഞ വരുമാനമുള്ള എല്ലാ റൂട്ടുകളും കാൻസൽ ചെയ്യുകയാണെന്ന്. പരമാവധി വരുമാനം കൂടുതലുള്ള ചില റൂട്ടുകളിൽ പ്രൈവറ്റ് ഉടമകൾക്ക് സുഖമോ മോട്ടോ അപേക്ഷകൾ വാങ്ങി റൂട്ട് കൊടുക്കുന്നു. ഏറ്റവും കൂടുതൽ കളക്ഷനുള്ള റൂട്ട് കാൻസൽ ചെയ്യുകയാണ്. കോഴിക്കോട് ഡിപ്പോയിൽ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ കളക്ഷനുള്ള ഒരു ബസ്സാണ് വഴിക്കടവ് ബസ്. ആ വഴിക്കടവ് റൂട്ടിൽ ശങ്കരനാരായണൻ എന്നൊരാൾക്ക് പ്രൈവറ്റ് ഉടമയിൽ പെർമിറ്റ് കൊടുത്തു. ഈ വഴിക്കടവ് ബസ് കാൻസൽ ചെയ്തത് ഏത് അടിസ്ഥാനത്തിലാണ്; നഷ്ടം വന്നതിന്റെ അടിസ്ഥാനത്തിലാണോ; വേറെ വല്ല പ്രത്യേക താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. പി. കെ. വേലായുധൻ: കോഴിക്കോട്ടെ വഴിക്കടവ് ബസ് കുറെ നാളായി ഓടാറില്ല. നാട്ടുകാർ അഭ്യർത്ഥിച്ചതനുസരിച്ച് വണ്ടി കുറെ നാൾ ഓടിപ്പിച്ചു നോക്കി. പക്ഷേ ഒരു കിലോമീറ്ററിന് മൂന്നു രൂപ പത്തു പൈസപോലും കിട്ടാത്ത സാഹചര്യത്തിൽ ആ വണ്ടി ഓടിപ്പിക്കേണ്ടെന്നു കെ. എസ്. ആർ. ടി. സി. ക്ക് നിർദ്ദേശം കൊടുത്തു.

കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി

* [5] ശ്രീ. എ. സി. ജോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി നിയമിച്ച മഹാബലറാവു കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിൽ ശുപാർശ ചെയ്തിരിക്കുന്നതുപോലെ കെട്ടിടനിർമ്മാണ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ എന്താണ് കാലതാമസം എന്ന് വ്യക്തമാക്കുമോ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള കരട് ബില്ലിൻമേൽ നിയമവകുപ്പിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും തൊഴിൽവകുപ്പ് പരിശോധിച്ചുവരുന്നു. പൊതുമരാമത്തുവകുപ്പിന്റെ അഭിപ്രായംകൂടി ലഭിച്ചുകഴിഞ്ഞാൽ ഉടനെ പ്രസ്തുത ക്ഷേമനിധി രൂപീകരിക്കാൻ കഴിയും.

ശ്രീ. എ. സി. ജോസ്: ഈ ക്ഷേമനിധിയിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ശിവദാസൻ: നിർദ്ദേശിക്കപ്പെട്ട കോൺട്രാക്ടർ വർക്കേഴ്സിനേയും ഈ വിഭാഗത്തിൽപ്പെട്ട എല്ലാ വിഭാഗം തൊഴിലാളികളേയും ഇതിൽ ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. സി. ജോസ്: ഈ നിയമസഭയുടെ കാലഘട്ടത്തിൽത്തന്നെ ഈ ക്ഷേമനിധി നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ശിവദാസൻ: ഈ ക്ഷേമനിധി എത്രയുംവേഗം രൂപീകരിക്കുന്നതിനുള്ള നടപടികൾ നടത്തിവരികയാണ്. ഈ ഗവൺമെന്റ് ഇങ്ങനെ ഒരു ആവശ്യമുണ്ടായപ്പോൾത്തന്നെ ശ്രീ. മഹാബലറാവു കമ്മീഷനെ

LIBRARY ARCHIVES Kerala Legislative Assembly